# കേരള സംസ്ഥാന
# ടെലിവിഷൻ അവാർഡ് 2007

14–11–2008, തിരുവനന്തപുരം


**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

ശാസ്തമംഗലം, തിരുവനന്തപുരം 695 010

## ജൂറി അംഗങ്ങൾ

**കഥാവിഭാഗം**

1. ശ്രീ. ജോൺ ശങ്കരമംഗലം (ചെയർമാൻ)
2. ശ്രീ. കെ.ജി.ജയൻ
3. ശ്രീമതി കെ.എ.ബീന
4. ശ്രീമതി ശ്രീലത .എസ്
5. ശ്രീ. ഷെറി .ജി
6. ഡോ.കെ.എസ്.ശ്രീകുമാർ (മെമ്പർ സെക്രട്ടറി)

**കഥേതര വിഭാഗം**

1. ശ്രീ. മോഹൻകുമാര് .കെ(ചെയർമാൻ)
2. ശ്രീമതി ശ്രീകല .പി.എസ്
3. ശ്രീമതി പാർവ്വതി
4. ശ്രീ. പി.ബാലൻ
5. ശ്രീ. ബാബുരാജ് .പി
6. ശ്രീമതി എം.സജിത (മെമ്പർ സെക്രട്ടറി)

**രചനാ വിഭാഗം**

ഡോ.സി.ബി. സുധാകരൻ (ചെയർമാൻ)
ഡോ. സന്തോഷ് ജി.ആർ.
ശ്രീമതി മിനി സുകുമാരൻ
ഡോ.കെ.എസ്.ശ്രീകുമാർ (മെമ്പർ സെക്രട്ടറി)

# 2007-ലെ ടെലിവിഷൻ അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ പരാമർശങ്ങളും നിർദ്ദേശങ്ങളും

## കഥാവിഭാഗം ജൂറി

**പരാമർശം**

2007-ലെ സംസ്ഥാന ടെലിവിഷൻ അവാർഡ് പരിഗണനക്കായി സമർപ്പിക്കപ്പെട്ടത് 15 ടെലിവിഫിലിമുകളും 3 ടെലിസീരിയലുകളും 5 ടെലിസീരീസുകളുമായിരുന്നു. പൊതുവെ ടെലിഫിലിമുകൾ നിലവാരമുള്ളതായിരുന്നു. എന്നാൽ അവാർഡിനായി സമർപ്പിക്കപ്പെട്ട സീരിയലുകളും സീരീസുകളും നിലവാരം കുറഞ്ഞതും അകാരണമായി നീണ്ട് നീണ്ട് പോകുന്നതുമായിരുന്നു. ചിലവ യാതൊരു മുന്നറിയിപ്പുമില്ലാതെ അവസാനിച്ച് പോകുന്ന ദുരനുഭവങ്ങളും ഉണ്ടായി. സന്തോഷകരമെന്നു പറയട്ടെ, ചാനലുകളുടെ വേലിക്കെട്ടുകളിൽനിന്ന് വേറിട്ട് ചിലരെങ്കിലും സ്വന്തം സൃഷ്ടികൾ ചമച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പരിമിതമായ വിഭവശേഷി കൊണ്ടാണെങ്കിലും ഈ സൃഷ്ടികൾ സർഗ്ഗാത്മകമായും സാങ്കേതികമായും മികവ് പുലർത്തി.

അവാർഡിനായി സമർപ്പിക്കപ്പെട്ട 3 സീരിയലുകളിൽ 'മാധവം' എന്ന സീരിയൽ പല മേഖലകളിലും മികച്ചതായിരുന്നു എങ്കിലും അപ്രതീക്ഷിതമായി നിന്നുപോയതിനാൽ 'ഏറ്റവും നല്ല സീരിയൽ' എന്ന അവാർഡിന് പരിഗണിക്കണ്ട എന്ന് ജൂറി തീരുമാനിച്ചു. മറ്റ് രണ്ട് സീരിയലുകളും 'ഏറ്റവും നല്ല സീരിയൽ' എന്ന അവാർഡിന്റെ പരിഗണനയ്ക്ക് അർഹമല്ല എന്നും ജൂറി വിലയിരുത്തി.

സമർപ്പിക്കപ്പെട്ട സൃഷ്ടികളിൽ സ്ത്രീസാന്നിദ്ധ്യം 'നടി' എന്ന നിലയിൽ മാത്രമാണ് എന്ന് ജൂറി കണ്ടെത്തി. വരുംകാലങ്ങളിൽ മറ്റു സർഗ്ഗാത്മകമേഖലകളിലും സ്ത്രീസാന്നിദ്ധ്യം ശക്തമായ രീതിയിൽ ഉണ്ടാകുമെന്ന് ആശിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. 2007-ലെ ടെലിവിഷൻ അവാർഡുകൾക്ക് സമർപ്പിക്കപ്പെട്ട സീരിയലുകളിൽ പലതിന്റെയും ഇതിവൃത്തങ്ങളിൽ അക്രമാസക്തത (പ്രത്യേകിച്ച് സ്ത്രീകളോടുള്ള ക്രൂരത) വളരെ വളരെ കൂടുതലായിരുന്നു. സീരിയലുകൾക്ക് വ്യാപകമായ പ്രേക്ഷകസമൂഹം ഉണ്ടെന്നതിനാൽ ഇത്തരം ദൃശ്യങ്ങൾ സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിനെതന്നെ ഹനിച്ചേക്കാം. ഇത്തരം സീരിയലുകളുടെ സംപ്രേഷണത്തിന് എന്തെങ്കിലും മാനദണ്ഡങ്ങൾ (സെൻസറിംഗ്) സർക്കാർതലത്തിൽ ഏർപ്പെടുത്തണമെന്ന് ഈ ജൂറി നിർദ്ദേശിക്കുന്നു.

2. സീരിയലുകളുടെയും സീരീസുകളുടെയും പ്രദർശനസമയം പലപ്പോഴും 100 മണിക്കൂറുകൾക്ക് മുകളിൽ പോകാറുണ്ട്. മിക്കവാറും ഇത് അനാവശ്യമായ വലിച്ച് നീട്ടലാണ്. തെരഞ്ഞെടുത്ത ഏതാനും എപ്പിസോഡുകൾ മാത്രം സമർപ്പിക്കുന്നതായിരിക്കും ഇത്തരം പരിപാടികളുടെ വിലയിരുത്തലിന് ഉചിതം.

3. ടെലിവിഷൻ രംഗത്തെ പുതിയ പ്രതിഭകളെ കണ്ടെത്താൻ ഏറ്റവും നല്ല 'നവാഗത സംവിധായകൻ' എന്ന ഒരവാർഡ് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കഥേതരവിഭാഗം ജൂറി

**പരാമർശം**

ജൂറിയുടെ മുമ്പാകെ വന്ന 181 പരിപാടികളിൽ ഡോക്യുമെന്ററികളും സാമൂഹ്യ/കാലിക പ്രസക്തിയുള്ള പരിപാടികളും 20% ഉയർന്ന നിലവാരം പുലർത്തിയത് ആശാവഹമായി കാണുന്നു.

പരിപാടികളിൽ അനുഭവപ്പെട്ട മലയാള ഭാഷാപ്രയോഗത്തിന്റെ അശ്രദ്ധയും അലസതയും തെറ്റും നമ്മെ അലോസരപ്പെടുത്തുന്നു.

സംഗീതം, കലാസംവിധാനം, ശബ്ദസന്നിവേശം തുടങ്ങിയ മേഖലകളുടെ സാദ്ധ്യത ഉപയോഗപ്പെടുത്താതിരിക്കുന്നത് സർഗ്ഗാത്മകമായ ടെലിവിഷൻ പരിപാടികളുടെ വളർച്ച അസാദ്ധ്യമാക്കുന്നു.

**നിർദ്ദേശങ്ങൾ**

1. മുൻവർഷങ്ങളിൽ സമർപ്പിച്ച ജൂറി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2. ടെലിവിഷൻ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി മാധ്യമശില്പശാല സംഘടിപ്പിക്കുക.

3. ഡോക്യുമെന്ററി നിർമ്മാണത്തിന് അക്കാദമി (KSFDC, C-Dit, I&PRD എന്നിവരുടെ സഹകരണത്തോടെ) ഫെലോഷിപ്പ് നൽകുക.

4. കാമ്പസ്, സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് നിർമ്മിക്കുന്ന ഡോക്യുമെന്ററികൾ മത്സരവിഭാഗത്തിൽ പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തുക.

5. അക്കാദമി തെരഞ്ഞെടുത്ത ടെലിവിഷൻ പരിപാടികളുടെ ഡോക്യുമെന്ററി സമകാലിക പ്രസക്തിയുള്ള ചിത്രങ്ങൾ തുടങ്ങിയവ ഫിലിം ഫെസ്റ്റിവലുകളിലും സ്കൂൾ, കാമ്പസ്, ഫിലിം സൊസൈറ്റികൾ VICTERS ചാനൽ എന്നിവ വഴിയും പ്രദർശിപ്പിക്കാൻ മുൻകൈ എടുക്കുക.

## രചനാവിഭാഗം ജൂറി

**പരാമർശം**

നാലു രചനകളാണ് ഈ വർഷം അവാർഡിനായി സമർപ്പിക്കപ്പെട്ടത്.

ഇവയിലൊന്നും ടെലിവിഷൻ എന്ന മാധ്യമത്തെക്കുറിച്ചോ അതിന്റെ നിരവധി സാദ്ധ്യതകളെക്കുറിച്ചോ അതിലൂടെ സംപ്രേക്ഷണം ചെയ്യപ്പെടുന്ന പരിപാടികളുടെ വ്യത്യസ്തഘടകങ്ങളെക്കുറിച്ചോ ഗൗരവമായി ചിന്തിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല എന്നതിനാൽ അവാർഡിന് അർഹമല്ല.

1. <u>ടെലിവിഷൻ പ്രോഗ്രാം നിർമ്മാണം : പ്രായോഗിക സമീപനങ്ങൾ</u> :- കെ.എസ്.രാജശേഖരൻ

   ടെലിവിഷൻ പ്രോഗ്രാം നിർമ്മാണത്തിന് പ്രായോഗിക സഹായി എന്ന രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള ഈ പുസ്തകം ടെലിവിഷൻ നിർമ്മാണ പ്രക്രിയയുടെ വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായകമായ ഒന്നായി കരുതാനാവില്ല.

2. 'ആണിന്റെ വീടും ആണിന്റെ സീരിയലും'...... യാക്കോബ് തോമസ്

   അടിസ്ഥാനപരമായി, സ്ത്രീപക്ഷ വായനകളിൽ സ്ത്രീ പ്രതിനിധാനങ്ങളെക്കുറിച്ചുള്ള പരിചിതമായ നിലപാടുകളിൽ നിന്നുതന്നെയുള്ള വിമർശനങ്ങളാണ് ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നത്.

   പുതിയയൊരു പരിപ്രേക്ഷ്യമോ പ്രതിപാദന രീതിയോ കേരളീയമായ സവിശേഷ സാഹചര്യങ്ങളെക്കുറിച്ചുള്ള ഗൗരവമായ നിരീക്ഷണങ്ങളോ ഇതിൽ കാണുന്നില്ല.

3. 'മിനി വിഷൻ' - ജോസ് കുമാർ

   പ്രതിവാര പംക്തിയായി രചിക്കപ്പെട്ട ഇവ ടെലിവിഷൻ മാധ്യമത്തെക്കുറിച്ചും പ്രേക്ഷക സമൂഹത്തെക്കുറിച്ചും സാമാന്യ അവബോധം പോലും പ്രകടിപ്പിക്കുന്നില്ല.

4. 'ടെലിവിഷനിൽ കാണുന്നതും കണ്ടുകൂടാത്തതും' - സുധീർ പരമേശ്വരൻ

   പ്രതിപാദന വിഷയത്തിൽ കേന്ദ്രീകരിച്ചുള്ള രചനാ രീതിയോ സമീപനമോ ഈ ലേഖനം പുലർത്തുന്നില്ല.

**നിർദ്ദേശങ്ങൾ**

സമകാലിക കേരളീയ സമൂഹത്തെ ഏറ്റവും അധികം സ്വാധീനിക്കുന്ന ഈ മാധ്യമത്തെക്കുറിച്ച് അത് അർഹിക്കുന്ന തരത്തിലുള്ള പഠനങ്ങൾ ഉണ്ടാകേണ്ടതാണ്. ഇത്തരം പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും മാത്രമെ കുട്ടിക്കാലം മുതൽ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്ന ഈ മാധ്യമത്തെക്കുറിച്ചുള്ള സാമൂഹികാവബോധം വർദ്ധിപ്പിക്കുവാനും മാധ്യമത്തിന്റെ തന്നെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കൂ.

ഈ നിലയ്ക്ക് ഈ പരിശ്രമങ്ങൾക്ക് സഹായകരമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1. സിനിമാപഠനങ്ങൾ പോലെതന്നെ ടെലിവിഷൻ പഠനങ്ങളും സ്കൂൾതലം മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുക.

2. ടെലിവിഷൻ മാദ്ധ്യമത്തിന്റെ വിവിധ മേഖലകളെ സമഗ്രമായി പ്രതിപാദിക്കുന്ന ശില്പശാലകൾ സംഘടിപ്പിക്കുക.

3. ടെലിവിഷൻ സംബന്ധമായ പഠനങ്ങൾക്കും ചർച്ചകൾക്കും മാദ്ധ്യമങ്ങൾ കൂടുതൽ പ്രാധാന്യം നൽകുക.

4. ടെലിവിഷനെക്കുറിച്ചുള്ള പ്രതിവാര പംക്തികൾ മാദ്ധ്യമത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാടൊ ഗൗരവമായ ചർച്ചകളോ ഉയർത്താൻ പര്യാപ്തമല്ലാത്തതിനാൽ അവയെ അവാർഡിനായി പരിഗണിക്കേണ്ടതില്ല.

# അവാർഡുകൾ

## കഥാവിഭാഗം

1. മികച്ച ടെലിസീരീസ് : **ദയ *(കൈരളി ടി.വി.)***
   നിർമ്മാണം : കെ.എം.വർഗ്ഗീസ്, തോമസ് എബ്രഹാം, ലൂക്കോസ് കെ. ചാക്കോ, കൈരളി ടി.വി.
   (25,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   സംവിധായകൻ : സജി സുരേന്ദ്രൻ
   (15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

   പ്രമേയത്തിലെ വ്യത്യസ്ഥതയും കൈയൊതുക്കമുള്ള അവതരണ രീതിയും.

2. മികച്ച ടെലിസീരിയൽ :

   ഏറ്റവും നല്ല സീരിയൽ എന്ന അവാർഡിന്റെ പരിഗണനയ്ക്ക് അർഹതയുള്ള സൃഷ്ടികൾ സമർപ്പിക്കപ്പെട്ടിട്ടില്ല എന്ന് ഈ ജൂറി വിലയിരുത്തുന്നു.

3. രണ്ടാമത്തെ മികച്ച ടെലിസീരിയൽ

   ഈ അവാർഡിന് അർഹമായ സൃഷ്ടികൾ സമർപ്പിക്കപ്പെട്ടിട്ടില്ല എന്ന് ജൂറി വിലയിരുത്തുന്നു.

4. മികച്ച ടെലിഫിലിം : **ടൈപ്പ്റൈറ്റർ *(കെ.സി.എൻ. ടി.വി)***
   നിർമ്മാണം : സീമ .പി, സഫീറ ഹസൻ, ഇബ്രാഹിം .കെ
   (15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   സംവിധാനം : ദീപേഷ് .ടി.
   (15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

   ആധുനികതയുടെ കടന്നുകയറ്റത്തിനൊപ്പം സഞ്ചരിക്കാനാവാതെ പിന്തള്ളപ്പെട്ടുപോയ ഒരു സാധാരണ മനുഷ്യന്റെ ജീവിതവിഹ്വലതകളെ കാവ്യാത്മകമായി അവതരിപ്പിക്കുന്നു.

5. രണ്ടാമത്തെ മികച്ച ടെലിഫിലിം : **അന്നയുടെ ലില്ലിപ്പൂക്കൾ *(സൂര്യ ടി.വി)***
   നിർമ്മാതാവ് : രാജേഷ് നമ്പ്യാർ
   (12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   സംവിധായകൻ : അൻസർ ഖാൻ
   (12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

   യാന്ത്രിക നാഗരിക ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ ബാല്യത്തിന്റെ സ്നേഹാന്വേഷണങ്ങളുടെ ആർദ്രമായ ചിത്രീകരണം.

6. മികച്ച സംവിധായകൻ : **ദീപേഷ് .ടി.**
   (15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   ***ടെലിഫിലിം*** : ***ടൈപ്പ്റൈറ്റർ (കെ.സി.എൻ. ടി.വി)***

   തെരഞ്ഞെടുത്ത വിഷയത്തെ സർഗ്ഗാത്മകമായും സാങ്കേതികമായും വളരെയേറെ മികവുറ്റ രീതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

7. മികച്ച തിരക്കഥാകൃത്ത് : **ഡോ. വത്സലൻ വാതുശ്ശേരി**
   (4,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)
   ***ടെലിഫിലിം*** : ***ടൈപ്പ്റൈറ്റർ (കെ.സി.എൻ. ടി.വി)***

   നാടകീയ സംഭാഷണങ്ങളെക്കാൾ ദൃശ്യഭാഷയ്ക്ക് ഊന്നൽ നൽകുന്ന കഥനരീതി.

8. മികച്ച കഥാകൃത്ത് : **സതീഷ് .കെ സതീഷ്**
   (9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   ***ടെലിഫിലിം*** : ***പൂക്കളിൽ മഞ്ഞ് വീഴുമ്പോൾ (ഏഷ്യാനെറ്റ്)***

   നന്മയുടെ, കരുതലിന്റെ ആദ്രസ്പർശം അനുഭവവേദ്യമാക്കുന്ന കഥ.

9. മികച്ച നടൻ : **കെ.ബി. ഗണേഷ്കുമാർ**
   (9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
   ***ടെലിസീരിയൽ*** : ***മാധവം (സൂര്യ ടി.വി.)***

   വ്യത്യസ്ഥ മാനങ്ങളുള്ള കഥാപാത്രത്തിന്റെ സംഘർഷങ്ങളും ഭ്രമാത്മകതകളും തന്മയത്വത്തോടെ അവതരിപ്പിക്കുന്നു.

10. മികച്ച സഹനടൻ : **ഇർഷാദ്**
(6,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിസീരിയൽ*** : ***മാധവം (സൂര്യ ടി.വി)***

കഥാപാത്രത്തിന്റെ കുടിലതയും ക്രൗര്യവും ഹാസ്യാത്മകമായി അവതരിപ്പിച്ചു.

11. മികച്ച നടി : **മീര വാസുദേവ്**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിസീരിയൽ*** : ***കനൽപ്പൂവ് (കൈരളി ടി.വി.)***

സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിൽക്കൂടി കടന്നുപോകേണ്ടിവന്ന സ്ത്രീയുടെ അന്തഃസംഘർഷങ്ങളുടെ അതിഭാവുകത്വമില്ലാതെയുള്ള അവതരണം.

12. മികച്ച സഹനടി : **മീരാനന്ദൻ**
(6,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** - ***വീട് (അമൃത ടി.വി.)***

കഥാപാത്രത്തെ അനായാസമായി ഉൾക്കൊണ്ട ലാളിത്യമാർന്ന അഭിനയം.

13. മികച്ച ബാലതാരം : **ബേബി ഗൗരി പ്രമോദ്**
(6,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***അന്നയുടെ ലില്ലിപ്പൂക്കൾ (സൂര്യ ടി.വി.)***

ഏകാന്തബാല്യത്തിന്റെ നൊമ്പരങ്ങളും ഭ്രമാത്മകതയും വൈദഗ്ധ്യത്തോടെ അവതരിപ്പിച്ചു.

14. മികച്ച ഛായാഗ്രാഹകൻ : **ജലീൽ ബാദുഷ**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***ടൈപ്പ് റൈറ്റർ (കെ.സി.എൻ. ടി.വി.)***

കഥയുടെ ആന്തരികാർത്ഥങ്ങളിലേക്ക് കടന്നുചെല്ലുന്ന വ്യത്യസ്ഥതയുള്ള ദൃശ്യാവതരണം.

15. മികച്ച ചിത്രസംയോജകൻ : **രാജേഷ് തൃശൂർ**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***അന്നയുടെ ലില്ലിപ്പൂക്കൾ (സൂര്യ ടി.വി.)***

ഇതിവൃത്തത്തിന്റെ ഉദ്വേഗം നിലനിർത്തുന്ന മികവുറ്റ ചിത്രസംയോജനശൈലി.

16. മികച്ച സംഗീത സംവിധായകൻ : **സാനന്ദ് ജോർജ്ജ്**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിസീരിയൽ*** : ***ഡാനി ദി മാൻഡ്രേക്ക് (ഏഷ്യാനെറ്റ്)***

ആധുനിക യന്ത്രനിർമ്മിതദൃശ്യങ്ങൾക്കും ചലനങ്ങൾക്കും അനുയോജ്യമായ സംഗീതം.

17. മികച്ച ശബ്ദലേഖകൻ : **സി.ആർ.ചന്ദ്രൻ**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***വീട് (അമൃതാ ടി.വി.)***

ദൃശ്യങ്ങൾക്കനുയോജ്യമായ ശബ്ദമിശ്രണത്തിൽ പാലിച്ച മിതത്വത്തിനും ലാളിത്യത്തിനും.

18. മികച്ച കലാസംവിധായകൻ : **ജെ.പി. ചിറ്റാരിക്കൽ**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***ടൈപ്പ്റൈറ്റർ (കെ.സി.എൻ. ടി.വി.)***

കഥാകഥനത്തിന് അനുയോജ്യമായ ദൃശ്യപശ്ചാത്തലം ഒരുക്കുന്നതിലെ വൈദഗ്ധ്യം.

## പ്രത്യേക ജൂറി അവാർഡ്

1. **നടൻ** : **ബാലകൃഷ്ണൻ പാപ്പിനിശ്ശേരി**
(പ്രശസ്തിപത്രവും, ശില്പവും)

***ടെലിഫിലിം*** : ***ടൈപ്പ്റൈറ്റർ (കെ.സി.എൻ. ടി.വി.)***

അന്തർമുഖനായ കേന്ദ്രകഥാപാത്രത്തെ പൂർണ്ണമായും ഉൾക്കൊണ്ട് ലാഘവത്വത്തോടെ അവതരിപ്പിച്ചതിന്.

## കഥേതര വിഭാഗം

1. മികച്ച ഡോക്യുമെന്ററി : **(1) 16 എം.എം. മെമ്മറീസ്, മൂവ്മെൻസ് & മെഷീൻ**
നിർമ്മാണം : രഞ്ജിനികൃഷ്ണൻ
(6,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
സംവിധായകൻ : കെ.ആർ.മനോജ്
(4,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

മലയാളിയുടെ ദൃശ്യസംസ്കാരത്തെ പരിവർത്തനാത്മകമായി സ്വാധീനിച്ച ഒരു പ്രസ്ഥാനത്തെ സമകാലിക പരിസരവുമായി ബന്ധപ്പെടുത്തി വിലയിരുത്തുന്നു. മികച്ച ദൃശ്യസംവേദനത്തിലൂടെയുള്ള പ്രമേയാവിഷ്ക്കരണം.

: **(2) പുനരാഖ്യാനം**
നിർമ്മാണം, സംവിധാനം : മധു ഇറവങ്കര
(15,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

കേരള സമൂഹത്തിൽ സജീവമായി നിലനിൽക്കുന്ന വിഷയം. അവരവരുടേതല്ലാത്ത കാരണങ്ങളാൽ ലൈംഗികവൃത്തി ഉപജീവനത്തിനായി സ്വീകരിക്കേണ്ടിവന്ന പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന ഒരു വിഭാഗത്തിന്റെ അതിജീവന ശ്രമങ്ങളുടെ സത്യസന്ധമായ ആവിഷ്ക്കാരം.

2. മികച്ച ഡോക്യുമെന്ററി സംവിധായകൻ : **കെ.ആർ. മനോജ്**
(12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
ഡോക്യുമെന്ററി : 16 എം.എം. – മെമ്മറീസ്: മൂവ്മെന്റ് & മെഷീൻ

കേരളത്തിന്റെ ദൃശ്യമാധ്യമസംസ്കാരത്തെ നിർണ്ണയിച്ച ഒരു കാലഘട്ടത്തോടുള്ള ആത്മഭാഷണം സാങ്കേതിക മേന്മയോടെ ദൃശ്യവത്ക്കരിച്ചിരിക്കുന്നു. പ്രമേയത്തിന്റെ ഗൗരവം ദൃശ്യാനുഭവങ്ങളിലൂടെ സംവേദിപ്പിക്കുന്നതിൽ പുലർത്തിയിരിക്കുന്ന സംവിധാന മികവ്.

3. മികച്ച വാർത്താവായന : **എസ്. ശരത്ചന്ദ്രൻ** (പീപ്പിൾസ് ടി.വി.)
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

ദൃശ്യമാധ്യമത്തിലെ വാർത്താവതരണത്തിൽ നിലനിർത്തേണ്ട ഊർജ്ജസ്വലമായ സാന്നിദ്ധ്യം വാർത്തകളുടെ ഗൗരവത്തിനനുസൃതമായി അനായാസമായി കൈകാര്യം ചെയ്യുന്നു.

4. മികച്ച കോമ്പിയർ : **ആർ. ശ്രീകണ്ഠൻ നായർ**
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
***പ്രോഗ്രാം*** : ***നമ്മൾ തമ്മിൽ – പാമ്പാടിയിലെ വൈറസ് (ഏഷ്യാനെറ്റ്)***

സാമൂഹ്യപ്രശ്നങ്ങളുടെ അവതരണവും ചർച്ചയും സാമാന്യജനങ്ങളിലേക്ക് – പ്രശ്നങ്ങളുടെ ആഴത്തിലേക്ക് കടക്കാൻ പ്രേരിപ്പിക്കുന്ന സജീവമായ ഇടപെടൽ.

5. മികച്ച കമന്റേറ്റർ : **അമ്പൂട്ടി**
(6,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
***പ്രോഗ്രാം*** : ***ജലംകൊണ്ട് മുറിവേറ്റവൾ (ജയ്ഹിന്ദ് ടി.വി.)***

പ്രമേയത്തിനും ദൃശ്യത്തിനും അനുയോജ്യമായ ശബ്ദക്രമീകരണം അതിഭാവുകത്വത്തിന്റെ ആഡംഭരമില്ലാത്ത അവതരണം.

6. മികച്ച ആങ്കർ/ഇന്റർവ്യൂവർ : **(1) ജോൺ ബ്രിട്ടാസ്**
(5,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
***പ്രോഗ്രാം*** : ***ക്രോസ്സ് ഫയർ (കൈരളി ടീ.വി.)***

സമകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളുടെ അവതരണത്തിൽ പുലർത്തുന്ന സജീവവും ആരോഗ്യകരവുമായ ഇടപെടൽ.

: **(2) ജോണി ലൂക്കോസ്**
(5,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)
പ്രോഗ്രാം : നേരെ ചൊവ്വേ (എം.എം. ടി.വി.)

സംയമനത്തോടെയും മിതത്വത്തോടെയും വിഷയങ്ങളിൽ സ്വാഭാവികമായി ഇടപെടുന്നതിലെ സൂക്ഷ്മത.

7. മികച്ച ആങ്കർ : **രാജ് കലേഷ്**
(7500 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)

*പ്രോഗ്രാം* : ***ടേസ്റ്റ് ഓഫ് കേരള (അമൃത ടി.വി.)***

അവതരിപ്പിക്കുന്ന പരിപാടിയിലെ സജീവമായ പങ്കാളിത്തം.

8. മികച്ച ഇൻവസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ് : **മഞ്ജുഷ് ഗോപാൽ**
(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

*പ്രോഗ്രാം* : ***വേഗമാനകം, സ്വാശ്രയം, ദേവസ്വം അഴിമതി തുടങ്ങിയ പരിപാടികൾക്ക് (ഏഷ്യാനെറ്റ്)***

സമൂഹത്തിലെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന അഴിമതിയെ പൊതുജനത്തിനു മുമ്പിൽ സധൈര്യം തുറന്നു കാട്ടുന്നു.

9. മികച്ച കാലികവും സാമൂഹ്യ പ്രസക്തിയുമുള്ള പരിപാടി : **കുടകിൽനിന്ന് വാർത്തകളൊന്നുമില്ല *(ഏഷ്യാനെറ്റ് ന്യൂസ്)***

നിർമ്മാണം : ഏഷ്യാനെറ്റ്
(12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

സംവിധായകൻ : ഷാജഹാൻ .പി.
(9,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

കേരളത്തിലെ മുഖ്യധാര-മധ്യവർഗ്ഗജീവിതത്തിന്റെ നിസംഗതയ്ക്കും മിഥ്യാഭിമാനത്തിനും ഇരയാവേണ്ടിവരുന്ന ആദിവാസി ജീവിതം. സഹജീവികളുടെ തിരോധാനത്തിന്റെയും വേദനയുടെയും അനുഭവ സാക്ഷ്യം.

10. **മികച്ച കുട്ടികൾക്കുള്ള പരിപാടി** : **കുറ്റിക്കാട്ടിൽ ഡോട്ട് കോം *(ഏഷ്യാനെറ്റ്)***

നിർമ്മാണം : വിനു അഭിലാഷ് നോയൽ
(12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

സംവിധായകൻ : ബ്ലാക്ക് & വൈറ്റ് അനിമേഷൻ സ്റ്റുഡിയോ
(12,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)

എല്ലാവിധ കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന സാങ്കേതികമേന്മയോടെ നിർമ്മിച്ച സമ്പൂർണ്ണ അനിമേഷൻ ചിത്രം.

---

## പ്രത്യേക ജൂറി അവാർഡ്

1. **സംവിധാനത്തിനും സംവിധാനത്തിനും** : **ആർ.എസ്. വിമൽ *(ജയ്ഹിന്ദ് ടി.വി.)***
(പ്രശസ്തിപത്രവും, ശില്പവും)

***പരിപാടി*** : ***ജലംകൊണ്ട് മുറിവേറ്റവൾ (ജയ്ഹിന്ദ് ടി.വി.)***

പ്രമേയവുമായി ഒത്തുപോകുന്ന പ്രകൃതി സാന്നിദ്ധ്യത്തിന്റെ സർഗ്ഗാത്മകവും സജീവവുമായ സന്നിവേശം. ഡോക്യുമെന്ററിയുടെ സാങ്കേതികമേന്മ നിലനിർത്തിക്കൊണ്ടുതന്നെ പ്രമേയത്തെ കാവ്യാത്മകമായി അവതരിപ്പിക്കുന്നതിലെ മികവ്. നിർമ്മാതാവ് ജയ്ഹിന്ദ് ടി.വി.യ്ക്കും സംവിധായകൻ ആർ.എസ്.വിമലിനും അംഗീകാരം.

2. **അവതരണത്തിന്** : **ആർ. സുഭാഷ്**
(പ്രശസ്തിപത്രവും, ശില്പവും)

***പരിപാടി*** : *പാദമുദ്ര (പീപ്പിൾസ് ടി.വി.)*

പ്രമേയത്തോട് ഇഴചേർന്നു പോകുന്ന അവതരണ ശൈലി. ഔചിത്യപൂർണ്ണമായ ഇടപെടലിന്റെ മികവ് സാക്ഷ്യപ്പെടുത്തുന്ന ഈ പരിപാടി സംവിധായകൻ / അവതാരകന്റെ കൈയൊപ്പ്.

3. **വിവിധ പരിപാടികളിൽ കാണിച്ച മാധ്യമ ജാഗ്രതയ്ക്ക്** : **എൻ.കെ. രവീന്ദ്രൻ**
(പ്രശസ്തിപത്രവും, ശില്പവും)

***പരിപാടികൾ*** : ***എവിടെ ഓണം?***
***കേട്ടതും കണ്ടതും... (ഏഷ്യാനെറ്റ്)***

മുഖ്യധാരാ മാധ്യമങ്ങൾ ഗൗരവത്തോടെ സമീപിക്കാത്ത വിഷയങ്ങൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നതിൽ തുടർച്ചയായി പ്രകടിപ്പിക്കുന്ന മാധ്യമ ജാഗ്രത എൻ.കെ.രവീന്ദ്രനെ ഈ അവാർഡിനർഹമാക്കുന്നു.

# പ്രത്യേക ജൂറി പരാമർശം

1. **സംവിധാനം** : **സുനീഷ്**
(പ്രശസ്തിപത്രം)

*പരിപാടി* : *ലൈക്ക് ലൈഫ്*
**നിർമ്മാണം** : **റോസ് ബൗൾ**

നവീനമായ ദൃശ്യഭാഷയിലൂടെ സാധാരണക്കാരുടെ ആത്മാഭിമാനം നിറഞ്ഞ ജീവിതത്തെ പുത്തൻ ജീവിതത്തെ പുത്തൻ സാങ്കേതികാഭിരുചിയോടെ അവതരിപ്പിക്കുന്ന റോസ്ബൗളിന്റെ ലൈഫ് ലൈക്ക് എന്ന പരിപാടിയുടെ സംവിധായക മികവിന്.

2. **സംവിധാനം** : **പ്രമോദ് ശിവദാസ്, നിയാസ് ഇബ്രാഹിം**
(പ്രശസ്തിപത്രം)

*പരിപാടി* : *ആർട്ട് ഓഫ് ഫീലിങ്ങ്സ്*
**നിർമ്മാണം** : **സൂര്യ ടി.വി.**

ജീവിതം മറന്ന് കലയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്ത ഒരു കലാകാരന്റെ കുടുംബത്തെക്കുറിച്ചുള്ള ഹൃദയ സ്പർശിയായ ആഖ്യാനം പ്രമേയമായി തെരഞ്ഞെടുത്തതിന്.

3. **പ്രമേയത്തിന്റെ തെരഞ്ഞെടുപ്പിന്** : **പി.ആർ. വന്ദന**
(പ്രശസ്തിപത്രം)

*പരിപാടി* : *ആരോഗ്യകേരളത്തിന്റെ ശ്രദ്ധയ്ക്ക്*
**നിർമ്മാണം** : **ഏഷ്യാനെറ്റ്**

കേരളത്തിന്റെ ആരോഗ്യരംഗത്ത് നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകളെ തുറന്നുകാട്ടുന്നു. സാധാരണക്കാരുടെ/സ്ത്രീകളുടെ/കുട്ടികളുടെ ആരോഗ്യ ജീവിതത്തിനു പ്രതികൂലമായ, സർക്കാരാശുപത്രികളിലെ ഭൗതിക സാഹചര്യങ്ങളുടെ നേർക്കാഴ്ച

4. **അവതരണത്തിന്** : **അശ്വതി അശോക**
(പ്രശസ്തിപത്രം)

*പരിപാടി* : *തിരൈ തെൻട്രൽ*
**നിർമ്മാണം** : **ജീവൻ ടി.വി.**

പ്രസന്നതയും ആത്മവിശ്വാസവും നിറഞ്ഞ അവതരണം. അതിവൈകാരികത കടന്നുവരാത്ത മിതമായ അവതരണ ശൈലി.